പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3612 | 20/06/2019 ൽ മറുപടി<br>നല്കേണ്ടത്. |

## സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനയ്ക്കായി ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ ആവശ്യഘട്ടത്തിൽ ഇൻഷുറൻസ് കാർഡ്/ മറ്റ് സ്കീമുകൾ എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾ ആശുപത്രി കമ്മിറ്റിയുടെ തീരുമാനപ്രകാരം എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ലാബുകളിൽ പരിശോധന നടത്താറുണ്ട്. |
| ബി) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്രയിടത്ത് നിലവിൽ രാത്രികാല ലാബ് സൗകര്യമുണ്ട്; | ബി) | തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം,എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മഞ്ചേരി,കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല ലാബ് പരിശോധന സൗകര്യം ലഭ്യമാണ്. |
| സി) | ജില്ലാ ആശുപത്രികളിൽ എത്ര ഇടത്ത് രാത്രികാല ലാബ് സൗകര്യം നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | സി) | രാത്രികാല ലാബ് സൗകര്യം നിലവിലുള്ള ജില്ലാ ആശുപത്രികളുടെ പേര് ചുവടെ ചേർക്കുന്നു. |

| ജില്ല | ആശുപത്രിയുടെ പേര് |
|---|---|
| തിരുവനന്തപുരം | ജില്ലാആശുപത്രി, നെടുമങ്ങാട് |
| കൊല്ലം | ജില്ലാ ആശുപത്രി, കൊല്ലം |
| പത്തനംതിട്ട | ജില്ലാആശുപത്രി,കോഴഞ്ചേരി |
| ആലപ്പുഴ | ജില്ലാആശുപത്രി,മാവേലിക്കര<br>ജില്ലാആശുപത്രി, ചെങ്ങന്നൂർ |
| കോട്ടയം | ജില്ലാ ആശുപത്രി, കോട്ടയം |

<table>
<tr><td></td><td></td><td></td><td><table>
<tr><td>തൃശ്ശൂർ</td><td>വടക്കാഞ്ചേരി ജില്ലാ ആശുപത്രി</td></tr>
<tr><td>പാലക്കാട്</td><td>ജില്ലാ ആശുപത്രി ,പാലക്കാട്</td></tr>
<tr><td>മലപ്പുറം</td><td>ജില്ലാ ആശുപത്രി തിരൂർ/ നിലമ്പൂർ/ പെരിന്തൽമണ്ണ</td></tr>
<tr><td>കോഴിക്കോട്</td><td>വടകര ജില്ലാ ആശുപത്രി</td></tr>
<tr><td>കണ്ണൂർ</td><td>ജില്ലാ ആശുപത്രി, കണ്ണൂർ</td></tr>
<tr><td>കാസർകോഡ്</td><td>കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി</td></tr>
</table></td></tr>
<tr><td>ഡി)</td><td>കൂടുതൽ സർക്കാർ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?</td><td>ഡി)</td><td>ജില്ലാ /ജനറൽ ആശുപത്രികളിൽ എച്ച്.എം. സി/ എൻ.എച്ച്. എം മുഖേന ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചും ഇപ്പോൾ ഉള്ള സ്റ്റാഫിനെ കൂടി ഉപയോഗപ്പെടുത്തിയും 24 മണിക്കൂർ ലാബ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്.</td></tr>
</table>

[signature]

സെക്ഷൻ ഓഫീസർ